പതിനഞ്ചാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
ബുള്ളറ്റിൻ ഭാഗം 2
2023 ജൂലൈ 21

നമ്പർ : 396

**ഇ-നിയമസഭാ പോർട്ടൽ മുഖേന ചോദ്യ നോട്ടീസുകൾ സമർപ്പിക്കുന്നതിനുള്ള സമയക്ലിപ്തത**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 28 (എ) പ്രകാരം ചോദ്യങ്ങൾക്കുള്ള നോട്ടീസുകളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി നോട്ടീസുകൾ നറുക്കെടുപ്പ് ദിവസം ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി ലഭ്യമാക്കേണ്ടതാണ്. പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം മുതൽ ചോദ്യങ്ങൾക്കുള്ള നോട്ടീസുകൾ നറുക്കെടുപ്പ് ദിവസം ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി ഇ-നിയമസഭാ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതും അവയുടെ നറുക്കെടുപ്പ് ഉച്ചയ്ക്ക് 12.15 മണിക്ക് തന്നെ നടത്തുന്നതുമാണ്. അതത് ദിവസം ഉച്ചയ്ക്ക് 12 മണിക്ക് ശേഷം ചോദ്യ നോട്ടീസുകൾ സമർപ്പിക്കുവാൻ ഇ-നിയമസഭാ പോർട്ടലിൽ സൗകര്യമുണ്ടായിരിക്കുന്നതല്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

എ.എം.ബഷീർ,
സെക്രട്ടറി.